ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, പടനിലം ക്ഷേത്രഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട്, ബാക്കിത്തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നതനുസരിച്ച്, റോഡ് കട്ടിംഗിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക്, പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

<u>ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി:</u> ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ടുണ്ടാകുന്ന വൈദ്യുതിതടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മേൽ പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി, ചുനക്കര എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU വർക്കുകളിൽ വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ബാക്കിത്തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. മുൻ MLA ശ്രീ. ആർ. രാജേഷ് നൽകിയ കത്ത് പ്രകാരം, ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ, ബഹുമാനപ്പെട്ട എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻപ്രകാരം, ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച സഞ്ചരിക്കുന്നവഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിന് ശേഷം, വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 1-7-2021 സമർപ്പിക്കുകയുണ്ടായി.

## പ്രാദേശിക വൈദ്യുതി വിതരണം

220 (1950) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മൂന്ന് ജലവൈദ്യുത പ്രോജക്ടുകളിൽ വിലങ്ങാട്, ചാത്തൻകോട്ടുനട എന്നീ പ്രോജക്ടുകളിൽ പ്രാദേശികമായി വൈദ്യുതിവിതരണം ലഭ്യമാണെങ്കിലും, പഴയ പദ്ധതിയായ പൂഴിത്തോട് പദ്ധതിയിൽനിന്നും വൈദ്യുതി പ്രാദേശികമായി നേരിട്ട് ലഭിക്കുക എന്ന പ്രദേശവാസികളുടെ ദീർഘകാലത്തെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

&

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി നേരിട്ട് വിതരണം ചെയ്യുന്നതിൽ നിലവിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

പൂഴിത്തോട് പദ്ധതിയിൽ നിന്നും പ്രാദേശിക വൈദ്യുതി വിതരണത്തിനുള്ള ആവശ്യകത സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. പ്രാദേശിക വിതരണം സംബന്ധിച്ച ആവശ്യകത ബോധ്യപ്പെടുന്നപക്ഷം സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ പദ്ധതികൾ**

221 (1951) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിവരുന്ന പ്രധാനപ്പെട്ട പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ?

വിതരണ വിഭാഗത്തിൽ, ആഗോള നിലവാരത്തിലുള്ളതും തടസ്സ രഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ടുപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി പൂഞ്ഞാർ നിയോജക മണ്ഡലത്തിലും നടപ്പിലാക്കിവരുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 65.69 കി. മീ. എച്ച്.ടി ലൈൻ, 15 കി. മീ. എച്ച്.ടി.എ.ബി.സി ഉപയോഗിച്ച് ലൈൻ വലിക്കുന്ന പ്രവൃത്തി, 0.6 കി. മീ എച്ച്. ടി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി, 8 കി. മീ എൽ.ടി എ ബി സി ലൈൻ നിർമ്മിക്കുക, 35 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, 601 കി. മീ എൽ.ടി ലൈനിന്റെ സ്റ്റാൻഡേഡൈസേഷൻ എന്നീ പ്രവൃത്തികൾക്കായി ആകെ 16 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ് "പദ്ധതി, കെ-ഫോൺ പദ്ധതി എന്നിവയും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു. പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെട്ട പിണ്ണാക്കനാട് 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതിയായിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളാരംഭിച്ചു. അടങ്കൽത്തുക - 1463 ലക്ഷം.

LIBRARY ARCHIVES Kerala Legislative Assembly